2. Third harmonic

   Phase R =0 , phase y=3 x-120=-360=0, phase B =3x120=360=0 ie (0,0,0)

3. Fifth harmonics

   Phase R =0 , phase y=5x-120=-600=120,phase B =5x120=600=-120 ie (0,120, -120)

4. Seventh harmonics

   Phase R =0,phase y=7 x-120=-840=-120, phase B=7x120=840=120 ie (0, -120, 120)

5. Ninth harmonics

   Phase R =0 , phase y=9 x-120=-1080=0, phase B =9x120=1080=0 ie (0,0,0)

Similarly phase sequence of other harmonics can be found. Since distorted waveform in power system contains only odd harmonics, the phase sequence rotations are summarized as:

- Harmonics of order n=1,7,13......are positive sequence.
- Harmonics of order n=5,11,17...are negative sequence.
- Triplen Harmonics (n=3,9,15....) are zero sequence.





*to be continued .....*

# CANADIAN PARADOXES

Er. G. Chandran Pillai

## 1 EMPLOYEE STRIKE IN CANADA!

It was a pleasant morning. A cool wind was blowing past the terraces and balconies of high rise apartments of London city, Southern Canada. I was basking in the sun at the 23rd floor of Dundas310 apartment complex. Then I noticed a group of people walking to and fro waving white and red flags in front of the nearby City Hall, the office of London Mayor, the administrative head.

That was a strike by London's 750 workers for a wage rise in one of the richest countries of the world with a per capita electricity consumption of 16450 units per year! The strike was on its 50th day. Whether it is a rainy day or hot sunny day, they were seen walking to and fro without any umbrellas along the grassy pathway in front of the impressive City Hall throughout the day. Their flags carried the words "CUPE 101 ON STRIKE".

There was no slogan shouting, no loud speaker, no pandal to shield rain and hot sun, no blocking of other employees from reporting to work, no meddling of student unions, no stone throwing, no petrol bombs, no downing of shop shutters, no traffic blocking protest march and no keeping off the roads by the vehicles. Only a 7 am to 4pm protest walking with flags in front of the City Hall!

No police pickets, no caning, no lathicharge, no tear gas, no water cannon, no grenades, no Assembly walkout in support of the strike.

On the 59th day (24-7-2015) of the strike, an agreement was reached between the Government and CUPE (Canadian Union of Public Employees). Both sides agreed to a wage rise of 4.75% for the employees. Union president Shelley Navarolli struck a positive note following agreement. She told reporters, "It was a long, hard strike and we should be proud of ourselves for reaching the agreement. I think it is fair to say we all made compromises. I think this is a win for the community. As our union members focus on delivering public services that Londoners can count on, our members will work extra hours both weekdays and weekend day."

Now think of Kerala. Is it not the shape of things to come for our home state also? Am I sounding a bit odd?

## 2, PRICING ONTARIO'S POWER EXPORTS.

Ontario is one of the ten provinces, located in east central Canada. It is bordered by the province of Manitoba to the west, Quebec to the east and to the south by US states of New York, Michigan and Minnesota. Ontario's population is 13.6 million and its rivers like the world famous *Niagara* make it rich in hydro electric energy. The Bruce Nuclear Generating Station, the largest nuclear power plant in the world (6300MW), is also in Ontario.

Ontario's present installed capacity is 34840MW which includes: Nuclear

(12978MW), Gas/Oil (9920MW), Hydro (8472MW), Wind (2975MW), Bio fuel (455MW), Solar (40MW). Its high voltage transmission grid is connected with New York, Michigan & Minnesota (USA) and Manitoba& Quebec (Canada). The generator availability at peak is around 27900 MW and the hourly output is 20260 MW. Major power export is to US states which in June 2015 rose to 5.9 million MWh.

In spite of being a surplus province, Ontario consumers pay some of the highest electricity rates in North America. They pay more for their own electricity than consumers in adjacent states and provinces who import it. The difference is as much as $60 per megawatt hour- the amount of electricity used in a typical household. This is because Ontario's electricity market is significantly different from any of its neighbor's. Its pricing is also different, particularly the *Global Adjustment*, which all Ontario consumers have to pay, but which the neighbors do not.

**What is Global Adjustment**?

Consumers who pay the Hourly Ontario Energy Price (HOEP) will see in their electricity bills a line for Global Adjustment (GA). This charge accounts for the difference between the market price and the rates paid to regulated and contracted generators and also for conservation and demand management programs. It is a variable monthly charge. When a consumer enters into a contract with a retailer, it is only on the retailer's energy price. The GA price is not fixed in the retailer contract. It is set monthly by the province's Independent Electricity System Operator (IESO) and applied as a separate line item on the bill.

From 2009 onwards Ontario saw a large increase in supply. The change in supply- demand balance resulted in that almost no generator could make their money on the HOEP which only comes about 2.65 to 3 cents/kwh whereas the production cost comes about 8.5 cents/ kwh. So the price guarantee to the generators kicked in and the GA became a large hourly charge than the HOEP. GA is big, growing and now exceeds the market price. In 2014 GA for Ontario consumers averaged almost $60 per megawatt hour compared to $32 for export market price.

**Ontario's loss**

In 2013 the average export price was 2.65 cents/kwh while the cost of production was 8.55 cents/kwh. This resulted in Ontario subsidizing power to people in US to the tune of over a billion dollars. The cost to each of 4.9 million Ontario consumers was about $220 that year. In January 2015 Ontario exported for an average price of 2.955 cents /kWh while Ontario consumers picked up the additional cost of GA of 5.068 cents/kwh. Again power exports cost Ontarians$200 million in June 2015. In his 2011 report, then auditor general Jim Macarter reported from 2005 until 2010 consumers lost$1.8 billion on electricity exports.

**People's response**

Senior citizens weep when they open their electricity bills. Often they must make a choice between heating their home and buying groceries. New Democratic Party (NDP) deputy leader Jagmeet Singh said

# യു.എൻ. സെക്യൂരിറ്റി കൗൺസിൽ പരിഷ്കരണം

*Er. രാജൻ വി.*

**അ**ങ്ങനെ, അവസാനം ഐക്യരാഷ്ട്ര സഭയുടെ സെക്യൂരിറ്റി കൗൺസിൽ പരിഷ്കരണം ഏതാണ്ട് തത്വത്തിൽ എല്ലാപേരും അംഗീകരിച്ചു. ഈ കൗൺസിലിലെ അംഗത്വത്തിന് ചില അലിഖിതമായ നിബന്ധനകളുണ്ട്. ജനസംഖ്യ, മനുഷ്യാവകാശങ്ങൾ പാലിക്കുന്ന ഭരണക്രമം, യു.എൻ. സമാധാന സേനയിലെ അംഗത്വം, ലോക കാര്യങ്ങളിലുള്ള ചടുലമായ ഇടപെടൽ, അയൽ രാജ്യങ്ങളുമായി ബന്ധം, ഭൂമിശാസ്ത്രപരമായ കിടപ്പ് അങ്ങനെ പലതും. ഇതൊക്കെ വൻശക്തികൾ അവരുടെ സൗകര്യാർത്ഥം തരംപോലെ പലരീതിയിലും പറയും. അതുപോലെ ലോകനേതാക്കൾ ഇവിടെ വരുമ്പോഴും നമ്മുടെ നേതാക്കൾ അങ്ങോട്ട് പോകുമ്പോഴും നമ്മുടെ യു.എൻ. സെക്യൂരിറ്റി കൗൺസിൽ സ്ഥിരാഗംത്വത്തെക്കുറിച്ച് പല വാഗ്ദാനങ്ങളും നല്കാറുണ്ട്; മാധ്യമങ്ങൾ അതൊക്കെ വലിയ പ്രാധാന്യത്തോടെ ജനത്തെ അറിയിക്കാറുമുണ്ട്. പക്ഷെ കാര്യത്തോടടുക്കുമ്പോൾ അഭിപ്രായങ്ങൾ വേറെ. അങ്ങനെ വിഷയം നമ്മുടെ ഭരണ കക്ഷികളും പ്രതിപക്ഷവുമായിട്ടുള്ള ഒന്നായി കുറെക്കാലമായി നിലനില്ക്കുന്നുണ്ട്. രാജ്യത്താകമാനം ഈ വിഷയത്തെക്കുറിച്ച് വലിയ ചർച്ചയൊന്നും സാധാരണയില്ല; പക്ഷെ നമ്മുടെ സംസ്ഥാനത്ത് വലിയ വലിയ ചർച്ചകളാണ്, വിശേഷിച്ചും സായാഹ്ന ചാനൽ ചർച്ചകളിൽ നടക്കുന്നത്. നമ്മുടെ രാഷ്ട്രീയ നിരീക്ഷകരെന്ന ആട്ടിൻതോൽ കുപ്പായമിട്ട രാഷ്ട്രീയ ബുജികളെന്ന് പറയുന്നവർ പല ചവിട്ടു നാടകങ്ങളും ചാനലുകളിൽകൂടി നടത്തുന്നുണ്ട്. ഇവർക്കെല്ലാം ഏതാണ്ടെല്ലാ രാഷ്ട്രീയ നിരീക്ഷകർക്കും ഒരേ അഭിപ്രായമാണ് ഇക്കാര്യത്തിലുള്ളത്. ജനം ഇതൊക്കെ ശ്രദ്ധിക്കുന്നുണ്ടോയെന്നുള്ളത് വേറെ ചോദ്യം. മാധ്യമങ്ങൾ, പൊതുവെയിപ്പോൾ, പൊതുസ്ഥലത്തെ പ്രസംഗംപോലെ പറയാനുള്ളതെല്ലാം സന്തോഷത്തോടെ പറയുന്നു, ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോയെന്ന് നോക്കുന്നില്ല. മാധ്യമങ്ങൾക്ക് ജനത്തിന്റെ മുഖത്ത് നോക്കി ഒരു സത്യവും പറയാനില്ല. അതുകൊണ്ടാണ് മുൻപേജും പുറകിലെ പേജും നിറച്ച് പരസ്യം കൊടുക്കുന്നത്. അത് കൊണ്ട് തന്നെ വായനക്കാരുടെ അഭിപ്രായത്തിന്, പ്രതികരണത്തിന് ഒരു വിലയും അവർ നല്കാത്തത്. ഈ അടുത്ത കാലത്ത് ആരെങ്കിലും ഏതെങ്കിലും പത്രത്തിൽ അവരുടെ എഡിറ്റോറിയലിനെക്കുറിച്ചുള്ള ഒരു പ്രതികര

---

"While Ontarians pay and pay and pay for electricity, they are subsidizing electricity that lights the New York skyline. It is bad for jobs, it is not fair to families and it is bad for businesses." But Ontario's neighbors are once again thanking the electricity consumers of Ontario for their generosity and giving spirit as demonstrated by New Yorkers: " We love Ontario's cheap power- Thanks". Ontario's leading national newspaper '*National Post*' which calls for cheaper power wrote," Ontario should revise its electricity market and include Global Adjustment in the hourly price of electricity exports"

It appears to be the ruling Liberal government's faulty electricity policy due to some unwarranted political commitments. It would be better if the surplus energy was exported profitably instead of a cost to rate payers, but alas, that is not the way the Liberal Energy Ministers, past and present, have structured the portfolio.

ണവും, പൊതുവെ മലയാളം പത്രങ്ങൾ പ്രസിദ്ധീകരിക്കാറില്ല. അതുകൊണ്ട് പത്രങ്ങളും വായനക്കാരും തമ്മിലുള്ള ബന്ധം എന്താണെന്ന് ശ്രദ്ധിക്കുക.

നമ്മുടെ വിഷയം ഇതല്ലല്ലോ. യു.എൻ. പൊതുസഭ സെക്യൂരിറ്റി കൗൺസിൽ പരിഷ്കരിക്കാൻ ഏകദേശം സമ്മതിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സാദ്ധ്യതയുള്ള രാജ്യങ്ങൾ, ഇന്ത്യ, ബ്രസീൽ, ജപ്പാൻ, ജർമ്മനി എന്നീ ജി-4 അംഗങ്ങൾക്കാണ്. ഇതിൽ വീറ്റോ രാജ്യങ്ങളുടെ അഭിപ്രായത്തിനാണല്ലോ പ്രസക്തി; നമ്മുടെ ബുജികൾ അത് വാക്കാൽ സമ്മതിക്കില്ല; പക്ഷെ യാഥാർത്ഥ്യം അതാണ്. കയ്യൂക്കുള്ളവൻ കാര്യക്കാർ. നമ്മുടെ എതിർപ്പ് അവിടെയൊക്കെ കൊണ്ടെത്തിക്കാൻ നമ്മുടെ സാംസ്ക്കാരിക നായകർക്ക് ആയില്ലല്ലോ. അതുകൊണ്ട് വീറ്റോ അധികാരമുള്ള അഞ്ച് രാജ്യങ്ങളുടെ അനുമതിയില്ലാതെ യു. എന്നിൽ ഒരു കാര്യവും നടക്കില്ല. ഏത് വിഷയത്തിൽ തീരുമാനങ്ങളെടുക്കുമ്പോഴും അവരുടെ താല്പര്യം സങ്കുചിതമാണ്. അത് ഈ വിഷയത്തിലും പ്രകടമാണ്. നമ്മുടെ സ്ഥിരം അംഗത്വത്തെ ചൈന പരോക്ഷമായി എതിർക്കുന്നു. അവരുടെ താല്പര്യ സംരക്ഷണത്തിന്റെ ഭാഗമായി പാകിസ്ഥാനെ തൃപ്തിപ്പെടുത്താനാണിത്. ഇപ്പോഴത്തെ നിലയിൽ ബ്രിട്ടനും ഫ്രാൻസുമാണ് ഇന്ത്യയെ ശരിക്കും പിന്താങ്ങുന്നത്, പക്ഷെ വീറ്റോ അധികാരമില്ലാതെ ഇതിനിടയിലും വൻശക്തികളുടെ ഭൂമിശാസ്ത്രപരമായ എതിർപ്പുകളും ഈ വിഷയത്തിന് യോജിച്ചതല്ല. റഷ്യ, ചൈന, അമേരിക്ക എന്നിവ വിശാലമായ ഒരു പരിഷ്കരണത്തിനും തയ്യാറല്ല, അതിനുള്ള സമയമായില്ലായെന്നാണ് പറയുന്നത്. ഇന്നത്തെ വളരെയധികം പ്രശ്ന രൂക്ഷിതമായ ലോകത്ത് പ്രാതിനിധ്യ സ്വഭാവമുള്ള ജനാധിപത്യവിശ്വാസികളുടെ സാന്നിദ്ധ്യം സെക്യൂരിറ്റി കൗൺസിലിൽ ഉണ്ടാകുന്നതാണ് ലോക നന്മയ്ക്ക് അഭികാമ്യം. അതിനർത്ഥം വീറ്റോ രാജ്യങ്ങൾ ചില വിട്ടുവീഴ്ചകൾക്ക് തയ്യാറാകണം, അതിനവർ തയ്യാറല്ല. അത് മറച്ച് വയ്ക്കാനാണ് മറ്റ് കാര്യങ്ങൾ പറഞ്ഞ് ശ്രദ്ധ തിരിക്കുന്നത്. അതുകൊണ്ട് അംഗത്വം കിട്ടാൻ സാദ്ധ്യതയുള്ള രാജ്യങ്ങൾ ലോകനന്മ കണക്കാക്കിയുള്ള ഒരു ഒത്തുതീർപ്പിനായി ശ്രമങ്ങൾ തുടരണം.

ഇന്ത്യയുടെ കാര്യത്തിൽ പാകിസ്ഥാനും ചൈനയുമായിട്ടുള്ള അതിർത്തി തർക്കം ഒരു തലവേദനയാണ്, വിശേഷിച്ചും ചൈന വീറ്റോ രാജ്യവും പാകിസ്ഥാൻ അതിന്റെ വിശ്വസ്ത സഹായിയും. ശത്രുവിന്റെ ശത്രു മിത്രമെന്നുള്ള ചാണക്യ സൂത്രം. പക്ഷേ നമ്മളൊരു ആക്രമണ സ്വഭാവമുള്ള രാജ്യമെന്ന ദുഷ്പ്പേർ എങ്ങുമില്ലാത്ത സാഹചര്യത്തിൽ ഇതൊരു വലിയ പ്രശ്നമാകില്ല. അതെ സമയം എൻ.പി.റ്റി.യിലും അതിനോടനുബന്ധിച്ച് എൻ.എസ്.ജിയിലും എം.റ്റി.സി.ആർ. എന്നിവയിലെ അംഗത്വമില്ലായ്മ ഒരു വലിയ തടസ്സമാണ്. അതിനെ മറികടക്കാൻ അമേരിക്കയുമായുള്ള ആണവ കരാർ തന്മയത്വമായി പ്രയോഗിക്കണം. അതിൽ അമേരിക്കയുടെ സഹായം ഒരു ഘടകമാണ്. അതിന് കൊടുക്കേണ്ടി വരുന്ന വില എന്താണെന്നുള്ളതാണ് ഗൗരവമായി കാണേണ്ടത്. പലവിധമായ താല്പര്യങ്ങളുടെ ഇടയിൽ നിന്ന് പ്രവർത്തിച്ചെ നമ്മുടെ ലക്ഷ്യങ്ങൾ നേടാൻ സാധിക്കൂ. അതിന്റെ ഭാഗമായിട്ടാണ് പ്രധാനമന്ത്രി വിദേശ രാജ്യങ്ങൾ മുൻഗണന രീതിയിൽ സന്ദർശിക്കുന്നത്. അതിനെ നമ്മുടെ ചാനലുകൾ സായാഹ്ന ചർച്ചകളിൽ അവരുടെ അഭിനവ ജഡ്ജിമാരെ കൊണ്ട് ഹാസ്യാത്മകമായി അവതരിപ്പിക്കുന്നത്. മുൻ അമേരിക്കൻ പ്രസിഡന്റ് റിച്ചാർഡ് നിക്സന്റെ സ്റ്റേറ്റ് സെക്രട്ടറി ആയിരുന്ന കീസിംഗർ പറഞ്ഞു, " ചാനൽ ചർച്ചകളിൽ പറയുന്നത് പോലെയല്ല വൻ ശക്തികൾ പ്രവർത്തിക്കേണ്ടത്. സ്വന്തം രാജ്യത്തിന്റെ താല്പര്യ സംരക്ഷണമാണ് മുഖ്യം". കാക്കത്തൊള്ളായിരം ചാനലുകളുള്ള നമ്മുടെ നാട്ടിൽ ചർച്ച വിദഗ്ദ്ധന്മാർക്ക് ഒരു പഞ്ഞവു

## നർമ്മം

# വൈദ്യുതി ഫലിതങ്ങൾ

*ഇ.എം. നസീർ, ചിറയിൻകീഴ്*

**വൈ**ദ്യുതി പോസ്റ്റിൽ നിന്നുവീണ് പരിക്കേറ്റ് ആശുപത്രിയിലായിരുന്ന ജീവനക്കാരനോട് സുഹൃത്ത് അപകടകാരണമാരാഞ്ഞു. 'പോസ്റ്റിനുമുകളിൽ ജോലി ചെയ്യുകയായിരുന്ന ഞാൻ അടുത്തുനിന്ന തെങ്ങിനെനോക്കിയതാണ് കാരണം'.

"തെങ്ങിൽ നോക്കിയാൽ പോസ്റ്റിൽ നിന്നു വീഴുമോ ? "തെങ്ങ് കാറ്റിലാടിയപ്പോൾ ഞാനിരുന്ന പോസ്റ്റ്ചാഞ്ഞുകൊണ്ടിരിക്കുന്നതായി തോന്നി. വീണ് പരിക്കേൽക്കാതിരിക്കാൻ, ഞാൻ ഒരു കുഴപ്പവുമില്ലാതിരുന്ന പോസ്റ്റിൽ നിന്നു ചാടി. അതാണ് കുഴപ്പമായത്."

❖❖❖❖

വീട്ടിലിരുന്ന് വൈദ്യുതോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്തിരുന്നയാൾ ജോലിക്കിടെ അഞ്ചുവയസ്സുകാരൻ മകനെ വിളിച്ചിട്ട് ഒരുപകരണത്തിലെ രണ്ടുവയറുകളിലെ കമ്പികളിലൊന്നിൽ പിടിക്കാൻ പറഞ്ഞു. മകൻ അനുസരിച്ചു.

"ഇനി മോൻ പൊയ്ക്കോ. മോൻപിടിക്കാതിരുന്ന കമ്പി ഫേസ് ലൈനിൽപ്പെട്ടതാണെന്ന് തിരിച്ചറിയാനായി. ആവശ്യമുള്ളപ്പോൾ അച്ഛൻ വീണ്ടും വിളിക്കാം."

❖❖❖❖

റയിൽപ്പാതക്കടിയിലൂടെയുള്ള വൈദ്യുതി ബോർഡിന്റെ കേബിൾ ക്രോസിംഗ് പണി പൂർത്തിയാക്കി വിവരം റയിൽവേ എഞ്ചിനീ ☞

---

←

മില്ല. അവരുടെ അഭിപ്രായത്തെ ഭരണകർത്താക്കൾ അതേപടി പകർത്തരുത് ; അതല്ല രാഷ്ട്രതന്ത്രജ്ഞത. ചാനലുകൾക്ക് വേണ്ടത് വില ക്കാണെന്ന കൈയടിയാണ്. (അത് കൊണ്ടൊക്കെയാണല്ലൊ അവരെ നേപ്പാളിൽ നിന്നും ഓടിച്ചത്).

ഇതിനിടയിൽ നമ്മൾ ശ്രദ്ധിക്കേണ്ട ഒരു കാര്യം ഈ അംഗത്വത്തിന് പണ്ടത്തെ വിലയുണ്ടോ? ഇന്നിപ്പോൾ ലോകത്ത് നടക്കുന്ന അസ്വാഭാവ്യതകളിൽ ഒരു ശക്തമായ നടപടികളുമെടുക്കാൻ യു എന്നിന് സാധിക്കുന്നില്ല. അഭയാർത്ഥികളുടെയും കുടിയേറ്റക്കാരുടെയും കദന കഥകൾകൊണ്ട് മാധ്യമങ്ങൾ നിറഞ്ഞ് നില്ക്കുന്നു. ഒരേ മതക്കാരാണ് ഇതിൽ പ്രധാന കക്ഷികളെന്നുള്ളത് ശരിയാണ്, എങ്കിലും ലോക സംഘടനക്ക് യോജിച്ച ഒരു തീരുമാനം എടുത്താൽ തീരാവുന്നതെയുള്ളു ഈ ക്രൂരത. പക്ഷെ അത് നടക്കുന്നില്ല. അപ്പോൾ പിന്നെ സെക്യൂരിറ്റി കൗൺസിൽ അഞ്ചാറ് അംഗങ്ങളെക്കൂടി കൂട്ടിയാൽ എന്ത് മാറ്റമാണ് ഉണ്ടാകുന്നത്. മനുഷ്യന് മനുഷ്യത്വം ഉണ്ടാകണം, അതാണ് പ്രധാനം. അപ്പോൾ രാജ്യവും അങ്ങനെ ആകും.

ഈ അംഗത്വമൊന്നും ഇല്ലാതെ രാജ്യം സാമ്പത്തികമായും സാങ്കേതികമായും വികസിച്ചാലും ലോക ജനതനമ്മളെ വിലമതിക്കും. അതിനുള്ള ഒരു സാഹചര്യവും ഇപ്പോൾ നമ്മുടെ മുന്നിലുണ്ട്. അതും പ്രയോജനപ്പെടുത്താവുന്നതാണ്. അതിന് സർക്കാരിനെ സഹായിക്കാനുള്ള ഉത്തരവാദിത്വം എല്ലാപേർക്കുമുണ്ട്. വിശേഷിച്ചും മാധ്യമങ്ങൾക്ക്. അതുകൊണ്ട് അവർ അർത്ഥശൂന്യമായ വാചകമടികൾ നിറുത്തി കാര്യമായ ചർച്ചകൾ നടത്തുക. അപ്പോൾ ജനം ശ്രദ്ധിക്കാനും, അങ്ങനെ സർക്കാരിന് പല സാദ്ധ്യതകളും അതിൽ നിന്നും ലഭിക്കുകയും ചെയ്യും.

✸

# ഇഞ്ചിനീയർ രംഗത്തിലെ ഒരു കലാപ്രതിഭ

നെല്ലൈ എസ്. മുത്തു

തർജ്ജിമ : Er. M.S.S. മണിയൻ

ഇന്നും തമിഴ് നാടക വേദിയിൽ ഒരു മികച്ച നടനായി, എഞ്ചിനീയറിംഗ് രംഗത്തിൽ പ്രഗത്ഭനായി, സാമൂഹിക സാമുദായിക കലാ രംഗങ്ങളിലും ഒരുപോലെ വ്യക്തിമുദ്ര പതിച്ചുവരുന്ന ഒരു വ്യക്തിയാണ് ശ്രീ. എച്ച്. പാൽരാജ് (വയസ്സ് 74). തിരുവനന്തപുരം തമിഴ് സംഘത്തിന്റെ വളർച്ചയിൽ നല്ലൊരു പങ്ക് വഹിക്കുന്ന വ്യക്തിയാണ്. മുൻകാല തമിഴ്സംഘം എക്സിക്യൂട്ടീവ് അംഗം. ഈ തുടർ പ്രവർത്തനത്തിനൊന്നും ഇദ്ദേഹത്തിന്റെ പ്രായം ഒരു വിലങ്ങുതടിയായിരുന്നില്ല. അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന ഏതു സംഘടനയിലും ആത്മാർത്ഥമായും സത്യസന്ധതയോടും പ്രവർത്തിക്കുന്നുണ്ട്.



യറെ അറിയിച്ചു. ഇൻസ്പെക്ഷനുവന്ന റയിൽവേ എഞ്ചിനീയർക്ക് ഒരു കുറ്റവും കണ്ടുപിടിക്കാനായില്ല. റയിൽവേയുടെ വകഭൂമിയും കടന്ന്, കേബിൾ പഞ്ചായത്തുവക റോഡിലുള്ള പോസ്റ്റിലാണ് ടെർമിനേറ്റ് ചെയ്തിരുന്നത്. ഒരു മഹാപരാധം കണ്ടുപിടിച്ചപോലെ റയിൽവേ എഞ്ചിനീയർ മൊഴിഞ്ഞു.

"എന്താണീ ചെയ്തിരിക്കുന്നത്? ഇതനുവദിക്കാൻ പറ്റില്ല. കേബിൾ ടെർമിനേറ്റ് ചെയ്തിരിക്കുന്ന ഫ്യൂസിൽ കയറിപ്പിടിച്ച് ആരെങ്കിലും ആത്മഹത്യക്ക് ശ്രമിച്ചേക്കും; അതപകടമാണ്." K.S.E.B എഞ്ചിനീയർ - തറയിൽ നിന്ന് കൈ എത്താത്തത്ര ഉയരമുണ്ടല്ലോ സർ".

"പോസ്റ്റിനോടു ചേർന്നുള്ള മതിലിൽക്കയറി ഫ്യൂസ് യൂണിറ്റിൽ പിടിച്ച് ആത്മഹത്യക്ക് ശ്രമിക്കാമല്ലോ ?"

" സൗകര്യപ്രദമായി റയിൽവേ ലൈനുകളും തുരുതുരെയോടുന്ന ട്രെയിനുകളും തൊട്ടടുത്തുള്ളപ്പോൾ മരിക്കാൻ കൊതിക്കുന്നവർ മുൻഗണന അതിനല്ലേ നൽകൂ സർ".

❖❖❖❖

ട്രെയിൻ യാത്രക്കിടെ പരിചയപ്പെട്ട രണ്ടുപേരുടെ സംഭാഷണം.

" ജോലിത്തിരക്കും യാത്രകളും കാരണം എനിക്ക് വീട്ടുകാര്യങ്ങളിൽ ശ്രദ്ധിക്കാൻ കഴിയുന്നില്ല. രോഗികളായ മാതാപിതാക്കൾക്ക് മരുന്നുവാങ്ങാൻപോലും കഴിയാറില്ല. പലപ്പോഴും അവരെക്കുറിച്ച് ഓർക്കാൻ തന്നെ കഴിയുന്നില്ല".

"വലിയ തിരക്കും ഉത്തരവാദിത്വങ്ങളുമുള്ള ജോലിയാണെന്റേത്. അച്ഛനും അമ്മയും ജീവിച്ചിരിപ്പില്ല. എങ്കിലും ഞാനവരെ എന്നും ഓർക്കും; നാട്ടുകാർ ഓർമ്മിപ്പിച്ചുകൊണ്ടേയിരരിക്കും." "നാട്ടുകാർക്ക് വേറെ പണിയൊന്നുമില്ലേ ?" "ഞാൻ ജോലി ചെയ്യുന്ന ഓഫീസിന്റെ പ്രത്യേകത കൊണ്ടാണത്. വൈദ്യുതി ബോർഡിന്റെ ഡിസ്ട്രിബ്യൂഷൻ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയറാണ് ഞാൻ. ദിവസം നാലഞ്ചുപേരെങ്കിലും തന്തയ്ക്കും തള്ളയ്ക്കും വിളിക്കാറുണ്ട്.

തിരുവനന്തപുരം നഗരത്തിൽ ശ്രീ. കെ. ഹരിഹരപുത്രപിള്ള - ശ്രീമതി സ്വർണ്ണം ദമ്പതികളുടെ മൂത്തമകനായി ജനിച്ചു. എച്ച്. ശിവകാമി ഏക സഹോദരിയും Er. എച്ച്. കുപ്പുസ്വാമി (Late), ഡോ. എച്ച്. കതിർവേൽ, ഡോ. എച്ച്. മാരിയപ്പൻ, ഡോ. എച്ച്. വിശ്വനാഥൻ എന്നിവർ ഇളയ സഹോദരങ്ങളാണ്. പി. പ്രഭ, പി. ഹരിഗണേഷ് എന്നിവർ മക്കളാണ്. കേരള സംസ്ഥാന വൈദ്യുതി വകുപ്പിൽ നിന്നും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറായി സേവനം അനുഷ്ഠിച്ച ശേഷം 1996 - ൽ വിരമിച്ചു.

ഇദ്ദേഹം മികച്ച നാടക നടൻ കൂടിയാണ് എന്ന വസ്തുത വളരെ ചുരുക്കം സഹപ്രവർത്തകർക്ക് മാത്രമേ അറിയുകയുള്ളൂ. തമിഴ് ചെറുകഥാകൃത്ത് ശ്രീ. എം.കെ. നാഥൻ രചനയും സംവിധാനവും ചെയ്ത 'വാസവതി', 'വാഴ്ന്തുപാർക്കലാം', ആൾറൗണ്ട് അയ്യാസാമി, നോവൽ അരശ് ശ്രീ. നീലപത്മനാഭൻ എഴുതിയ 'തനിമരം' എന്നീ നടാകങ്ങളിൽ ഇദ്ദേഹം മികച്ച അഭിനയം കാഴ്ചവച്ചിട്ടുണ്ട്.

സംഭാഷണങ്ങളിലെ അക്ഷരസ്ഫുടതയും ഏറ്റയിറക്കങ്ങളും ഇദ്ദേഹത്തിന് ആകാശവാണി നാടകങ്ങളിൽ അഭിനയിക്കാൻ അവസരം ഒരുക്കി നൽകിയിട്ടുണ്ട്. ശ്രീ. എച്ച്. പാൽരാജ് മുഖ്യ കഥാപാത്രത്തിൽ അഭിനയിച്ചു. ശ്രീ. നീലപത്മനാഭൻ രചിച്ച 'എഞ്ചിനീയർ' എന്ന റേഡിയോ നാടകം 1961 -ൽ കേരളത്തിൽ കോളേജ് തലത്തിൽ ഒന്നാം സ്ഥാനം നേടിയത് മറക്കാനാകില്ല.

അതുമാത്രമല്ല, തിരുവനന്തപുരം ദൂരദർശൻ ആദ്യകാലഘട്ടത്തിൽ 'തമിഴ്മലർ' വിഭാഗത്തിനായി ആദ്യമായി തമിഴിൽ അവതരിപ്പിച്ച 'വിടിയാതപൊഴുതുകൾ' എന്ന സീരിയൽ നിർമ്മാണത്തിനായി തെങ്കാശി, അഴകിയമണ്ഡപം, താഴാകുടി, കുറ്റാലം തുടങ്ങിയ സ്ഥലങ്ങളിൽ കുറച്ചുകാലം ഞങ്ങൾ ചെലവഴിച്ചിട്ടുണ്ട്. ഈ സീരിയലിന്റെ തിരക്കഥയും സംഭാഷണവും രചിച്ച് ഒരു ചെറിയവേഷത്തിൽ പോലീസുകാരനായി ഞാനും അഭിനയിച്ചു.

തിരുവനന്തപുരം തമിഴ് സംഘത്തിന്റെ ആജീവനാന്ത അംഗം, തിരുവനന്തപുരം തമിഴ് എഴുത്താളർ സംഘത്തിന്റെ സജീവ പ്രവർത്തകൻ, കേരള ഗവൺമെന്റ് അംഗീകാരം നൽകിയ ഉണർവ്വ് കൾച്ചറൽ ഫാറം ഫോർ സീനിയർ സിറ്റിസൺ, കൗൺസിൽ ഓഫ് സീനിയർ സിറ്റിസൺസ്, ഗ്ലോബൽ സൊസൈറ്റി ഓഫ് ഹെൽത്ത് പ്രമോഷൻ & എഡ്യുക്കേഷൻ (തിരുവനന്തപുരം ചാപ്റ്റർ) മനസ്സ് എന്നീ സംഘടനകളിലും ആജീവനാന്ത അംഗമാണ്.

അടിയന്തിരാവസ്ഥ കാലത്തിൽ വൈദ്യുതിഭവന്റെ സമരപരിപാടികളിൽ സജീവമായി പങ്കെടുത്ത് 1974 നവംബർ മാസം അറസ്റ്റ് വരിച്ചു. 34 ദിവസം MISA നിയമത്തിന്റെ പേരിൽ പൂജപ്പുര സെൻട്രൽ ജയിലിൽ കഴിയേണ്ടി വന്നത് തന്റെ ഔദ്യോഗിക ജീവിതത്തിൽ ഒരു നാഴികകല്ലായി കരുതുന്നു.

തിരുവനന്തപുരം ഗവൺമെന്റ് മോഡൽ സ്കൂളിൽ പഠനം തുടങ്ങുകയും പിന്നീട് ഗവ. മോഡൽ സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസം, ഉപരിപഠനത്തിനായി ഗവ. എഞ്ചിനീയറിംഗ് കോളേജിൽ ബി.എസ്.സി. (എഞ്ചിനീയറിംഗ്) പഠിച്ച് 1964 - ൽ ബിരുദം നേടി. ബിരുദം നേടി അൻപത് വർഷം ആയതിനെ അനുമോദിച്ചുകൊണ്ട് കോളേജും, ഗവൺമെന്റും ചേർന്ന് ആദരിച്ചിരുന്നു. ഇത് തന്റെ ജീവിതത്തിലെ മറക്കാനാകാത്ത സംഭവമായി ശ്രീ.എച്ച്. പാൽരാജ് പറയുന്നു.

രാഷ്ട്രീയ, സാമൂഹിക, സാംസ്ക്കാരിക, കലാരംഗങ്ങളിലും ഒരു വലിയ സുഹൃത്ത് വലയത്തിനുടമയാണ് ഇദ്ദേഹം. എത്രതന്നെ തിരക്കേറിയ അവസരങ്ങളിലും തന്റെ സുഹൃത്തുക്കളെ കാണുമ്പോൾ അല്പം 'കുശലം പറയാൻ' സമയം കണ്ടെത്താറുള്ളത് ഇദ്ദേഹത്തിന്റെ പ്രത്യേകതയാണ്. ഒരു പക്ഷേ ഇതായിരിക്കാം ഇദ്ദേഹത്തിന്റെ ജീവിത വിജയരഹസ്യവും.

✵

# വ്യത്യസ്തത തിരിച്ചറിഞ്ഞില്ലെങ്കിൽ

*Er. സുരേഷ് എച്ച്.*

**കെ.**എസ്.ഇ. ബോർഡ് ലിമിറ്റഡിൽ നിലവിൽ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവർ ഇപ്ര കാരമാണ്.

1. ചെയർമാനും ഡയറക്ടർ ബോർഡ് അംഗങ്ങളും.
2. ചീഫ് എഞ്ചിനീയർ മുതൽ അസിസ്റ്റന്റ് എഞ്ചിനീയർ വരെയുള്ള സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ.
3. സാങ്കേതികവിഭാഗം ജീവനക്കാർ- സബ് എഞ്ചിനീയർ മുതൽ ഇലക്ട്രിസിറ്റി വർക്കർ വരെയുള്ളവർ
4. മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥർ
5. മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ- സീനിയർ അസിസ്റ്റന്റ് മുതൽ ഓഫീസ് അറ്റന്റർ വരെയുള്ളവർ

ഇവരിൽ 2-ാമത്തെ വിഭാഗത്തെ ഇലക്ട്രിക്കലും സിവിലുമായി വീണ്ടും വിഭജിച്ചിട്ടുണ്ട് ഇത്തരത്തിൽ 1 മുതൽ 5 വരെയുള്ള തരംതിരിവും പിന്നീട് 2-ാം വിഭാഗത്തെത്തന്നെ വീണ്ടും വിഭജിക്കലും ചെയ്തിട്ടുള്ളത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വ്യത്യസ്തത, ജോലിഭാരം, ജോലി സ്വഭാവം, ബാദ്ധ്യതകൾ, വന്നുചേരാനുള്ള സാദ്ധ്യത, കർത്തവ്യ നിർവ്വഹണത്തിനിടെയുള്ള അപകട സാദ്ധ്യതകൾ എന്നിവയെല്ലാം പരിഗണിച്ചാണ്. ഏതാണ്ട് രണ്ടര പതിറ്റാണ്ട് മുമ്പ് വരെ വ്യത്യസ്തമായ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നവർക്ക് വ്യത്യസ്തസ്തമായ ശമ്പളസ്കെയിലാണ് ബോർഡ് നിശ്ചയിച്ചിരുന്നത്. എന്നാൽ ഏതോ ഒരു ശമ്പളകരാർ ഒപ്പിടുമ്പോൾ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ എഞ്ചിനീയർമാരുമായി ഒരു വിധത്തിലും താരതമ്യപ്പെടുത്താനാകാത്ത വിധം ക്ലിപ്ത ഓഫീസ് സമയത്തിനുള്ളിൽ പരിമിതമായ കർത്തവ്യങ്ങൾ മാത്രം നിർവ്വഹിച്ചുവരുന്ന മിനിസ്റ്റീരിയലുകാർക്ക് എഞ്ചിനീയർമാർക്കുള്ള അതേ ശമ്പളസ്കെയിൽ എന്ന ഉത്തരവ് ബോർഡ് പുറപ്പെടുവിച്ചു. ഇത് യുക്തി രഹിതവും മിനിസ്റ്റീരിയൽ വിഭാഗക്കാർക്ക് ബോർഡ് നൽകിയത് ആർഭാടവുമാണെന്ന് ഓരോ എഞ്ചിനീയറും തിരിച്ചറിയേണ്ടതും ഈ വിധത്തിലെ കൂട്ടിക്കെട്ടൽ ഇനിയുള്ള ശമ്പളക്കരാർ മുതലെങ്കിലും തുടരാൻ പാടില്ലായെന്ന തീരുമാനം ബോർഡ് മാനേജ്മെന്റ് എടുക്കാൻ ശമ്പളപരിഷ്ക്കരണ ചർച്ചാവേളയിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്. എന്തുകൊണ്ടാണ് എഞ്ചിനീയർമാരുടെയും മിനിസ്റ്റീരിയലുകാരുടേയും ശമ്പളസ്കെയിൽ തുല്യവത്ക്കരിക്കാൻ പാടില്ലായെന്ന് ഒന്നു രണ്ട് സംഭവങ്ങൾ ഉദാഹരിച്ചുകൊണ്ട് വ്യക്തമാക്കാം.

രംഗം 1. ലേഖകൻ ജോലി ചെയ്തിരുന്ന ഇലക്ട്രിക്കൽ സർക്കിളിൻ കീഴിലുള്ള ഒരു ഇലക്ട്രിക്കൽ സെക്ഷനിൽ ഒരു കാഷ്യർ സാമ്പത്തിക തിരിമറി നടത്തിയത് ഓഡിറ്റ് വിഭാഗക്കാർ കണ്ടുപിടിച്ചു. ഓഡിറ്റ് വിഭാഗത്തിന്റെ ശുപാർശയെത്തുടർന്ന് സെക്ഷനിലെ സീനിയർ സൂപ്രണ്ടിനും അസിസ്റ്റന്റ് എഞ്ചിനീയർക്കും സർക്കിളിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ കാരണംകാണിക്കൽ നോട്ടീസയച്ചു. റവന്യൂവിന്റെ പൂർണ്ണ ചുമതല സീനിയർ സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് എന്തിനാണ് കാരണം കാണിക്കൽ നോട്ടീസ് എന്നന്വേഷിച്ചപ്പോൾ, ഓഫീസ് മേധാവി എന്ന നിലയ്ക്ക് ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തു നടപടി സ്വീകരിച്ചു എന്നു ബോധ്യപ്പെടുത്താൻ അസിസ്റ്റന്റ് എഞ്ചിനീയറും ബാദ്ധ്യസ്ഥനാണ്. ഓഫീസ് മേധാവി അസിസ്റ്റന്റ് എഞ്ചിനീയറാണെന്നും സീനിയർ സൂപ്രണ്ട് എ.ഇ. ക്ക് കീഴെയാണെന്നും വ്യക്തം. എന്നാൽ AE യുടെ കീഴിൽ ജോലി ചെയ്യുന്ന സീനിയർ സൂപ്രണ്ടിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ

അതേ ശമ്പളസ്കെയിൽ/പിഴവുകാർക്ക് സമാധാനം പറയാൻ സീനിയർ സൂപ്രണ്ടിനുപരി അസി. എഞ്ചിനീയർ ബാദ്ധ്യസ്ഥനും!

രംഗം 2. ടി ഇലക്ട്രിക്കൽ സെക്ഷനിൽ ജോലിക്കിടെ വൈദ്യുത അപകടത്തിൽ മൂന്നു പേർ കൊല്ലപ്പെട്ടു. സെക്ഷനിലെ ലൈൻമാൻ മുതൽ അസിസ്റ്റന്റ് എഞ്ചിനീയർ വരെയുള്ളവർക്ക് ബോർഡ് ശിക്ഷയായി സസ്പെൻഷൻ നൽകി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും ശിക്ഷാനടപടിയുടെ ഭാഗമായി ട്രാൻസ്ഫർ! സർക്കിൾ മേധാവിയായ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെ നിർബന്ധിതമായി അവധിയിൽ പ്രവേശിപ്പിച്ചു! ഇതേ സമയം ശിക്ഷാനടപടികൾ നേരിട്ട എഞ്ചിനീയർമാർക്കു തുല്യമായ ശമ്പള സ്കെയിലും വാങ്ങി, എന്നാൽ ഭാഗികമായ ഉത്തരവാദിത്വം മാത്രം നിർവ്വഹിച്ചിരുന്ന മിനിസ്റ്റീരിയലുകാർക്ക് ഒരു ശിക്ഷയുമില്ല. എന്തിന്, ഒരു വിശദീകരണം ചോദിച്ചുകൊണ്ടുള്ള നോട്ടീസുപോലുമില്ല. എന്തുകൊണ്ട്? ഉടൻ കിട്ടി ഉത്തരം, ഫീൽഡിലെ സുരക്ഷാ പാളിച്ചകൾക്ക് മിനിസ്റ്റീരിയലുകാരോട് എങ്ങനെ വിശദീകരണം ചോദിക്കും? അവരെ ഫീൽഡിലെ കാര്യങ്ങൾക്ക് ചുമതലപ്പെടുത്തിയിട്ടില്ലല്ലോ. അവിടെയെന്തു സംഭവിച്ചാലും അവരോട് വിശദീകരണം ചോദിക്കാൻ വകുപ്പില്ല. മേൽ വിവരിച്ച സംഭവങ്ങളിൽ നിന്നും ഫീൽഡിലുണ്ടാവുന്ന പ്രശ്നങ്ങൾക്ക് പൂർണ്ണ ഉത്തരവാദിത്വം വഹിക്കേണ്ടത് എഞ്ചിനീയർമാരാണെന്ന് കാണാം. കൂടാതെ ഓഫീസിനകത്തുണ്ടാവുന്ന പ്രശ്നങ്ങളിലും എഞ്ചിനീയർമാർ സമാധാനം ബോധിപ്പിക്കേണ്ടി വരുമെന്നുള്ളതും കാണാം. ഇങ്ങനെ ഉത്തരവാദിത്വങ്ങൾ കൂടുതലുള്ള എഞ്ചിനീയർമാർക്കുള്ള ശമ്പളസ്കെയിൽ ഉത്തരവാദിത്വങ്ങൾ കുറവുള്ള മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥർക്കും അനുവദിച്ചു തുടരുന്നത് യുക്തിരഹിതമാണ്. ഒരു പ്രസിദ്ധമായ വാചകം കടമെടുത്തു പറയുകയാണെങ്കിൽ അരിയാഹാരം കഴിക്കുന്ന ഏവർക്കും ഇത് മനസ്സിലാവും. ശമ്പളപരിഷ്ക്കരണ ചർച്ചകൾക്കിരിക്കുമ്പോൾ കെ.എസ്.ഇ.ബി. എഞ്ചിനീയേഴ്സ് അസോസിയേഷൻ മാത്രമാണ് എഞ്ചിനീയർമാർക്ക് വ്യത്യസ്തമായ ശമ്പളസ്കെയിലും വിവിധ കോമ്പൻസേറ്ററി അലവൻസുകളിൽ യുക്തിപൂർവ്വമായ വർദ്ധനവും വേണമെന്ന് ആവശ്യപ്പെടുന്നത്. മറ്റ് ഓഫീസർ സംഘടനകൾ (എഴുപത് ശതമാനം ഇലക്ട്രിക്കൽ എഞ്ചിനീയർമാർ തങ്ങളുടെ സംഘടനാംഗങ്ങളാണെന്ന് അവകാശപ്പെടുന്നവരും) എഞ്ചിനീയർ എന്ന് ഉച്ചരിക്കാൻ പോലും തയ്യാറാവുന്നില്ല. ജനാധിപത്യത്തിൽ ഭൂരിപക്ഷത്തിനാണ് പ്രസക്തി എന്നതിനാൽ എഞ്ചിനീയർമാരുടെ അർഹത എന്നും തൃണവത്ക്കരിക്കപ്പെടുന്നു. ഇതിനെന്തുണ്ട് പരിഹാരം? ഔദ്യോഗിക കർമ്മ മണ്ഡലത്തിൽ സമാനമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നവർ ഒരു കുടക്കീഴിൽ അണിനിരക്കണം. രാഷ്ട്രീയത്തിനും മറ്റ് പരിഗണനകൾക്കും ഇടം കൊടുത്ത് അവിയൽ സംഘടനകളിൽ അംഗങ്ങളായുള്ളവർ അവയിൽ നിന്നും പുറത്തുകടന്ന് ഒറ്റ സംഘടനയായി നിലകൊണ്ടാൽ മാത്രമേ ഏർപ്പെടുന്ന പ്രവൃത്തികൾക്ക് അനുസൃതമായി ഏറ്റെടുക്കേണ്ടി വരുന്ന ഉത്തരവാദിത്ത്വങ്ങൾക്ക് ആനുപാതികവുമായിട്ടുള്ള പുതിയ ശമ്പളക്കരാർ എഞ്ചിനീയർമാർക്ക് നേടിയെടുക്കാൻ സാധിക്കുകയുള്ളൂ. വിതരണ മേഖലയിലെ സെക്ഷൻ ഓഫീസുകളിൽ എ.ഇ.യും എസ്.എസ്.ഉം ഒരേ ഓഫീസിൽ ജോലി ചെയ്യുന്ന സാഹചര്യത്തിൽ ഓഫീസ് മേധാവിയായ, പൂർണ്ണ ഉത്തരവാദിത്ത്വം വഹിക്കുന്ന എ.ഇ.യുടെ അതേ ശമ്പളസ്കെയിൽ എങ്ങനെ ഭാഗിക ഉത്തരവാദിത്ത്വം വഹിക്കുന്ന എസ്.എസി.നും അനുവദിച്ചു? ഓഫീസ് മേധാവിയുടെ അതേ ശമ്പളസ്കെയിൽ കീഴുദ്യോഗസ്ഥനും തുടരുന്നത് വിചിത്രം തന്നെ! ഇതേ വൈകൃതം മേൽ ഓഫീസുകളിലെ എഞ്ചിനീയർമാരോട് തുല്യത ചാർത്തിക്കൊടുത്തിട്ടുള്ള മറ്റ് മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥർക്കും തുടരുന്നുണ്ട്. വിതരണമേഖല വിട്ട് പ്രസരണ, ഉത്പാദന മേഖലകളിൽ സർക്കിൾ തലം മുതൽ

മാത്രമേ മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥരുള്ളൂ. എന്നാൽ അവിടെയും സെക്ഷൻ തലം തൊട്ട് ചീഫ് എഞ്ചിനീയർ വരെയുള്ളവരുടെ ജോലി ഭാരം, ജോലി സ്വഭാവം, എന്നിവയുമായി ഒരു താരതമ്യത്തിനുപോലും മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾക്ക് വ്യാപ്തിയില്ല. എന്നിട്ടും എന്തിനാണ് മിനിസ്റ്റീരിയലുകാർക്ക്, എഞ്ചിനിയർമാരുടെ അതേ ശമ്പള സ്കെയിൽ അനുവദിച്ചു തുടരുന്നത്.

കമ്പ്യൂട്ടറൈസേഷന്റെ ആവിർഭാവത്തോടെ മിനിസ്റ്റീരിയൽ വിഭാഗക്കാരുടെ ജോലിഭാരം നന്നേ കുറഞ്ഞിട്ടുണ്ട് എന്നതിന് തർക്കമില്ല. എന്നാൽ ഫീൽഡിൽ ഭൗതീകമായ ഇടപെടലുകൾ ഇല്ലാതെ പല പ്രശ്നങ്ങൾക്കും പരിഹാരമാകില്ല എന്നതിനാൽ എഞ്ചിനീയർമാരുടെ ജോലിഭാരത്തിന് യാതൊരു കുറവും വന്നിട്ടില്ല.

ശമ്പളപരിഷ്ക്കരണ ചർച്ചകൾക്കിരിക്കുമ്പോൾ കെ.എസ്.ഇ.ബി. എഞ്ചിനിയേഴ്സ് അസോസിയേഷൻ മാത്രമാണ് എഞ്ചിനീയർമാർക്ക് വ്യത്യസ്തമായ ശമ്പളസ്കെയിലും വിവിധ കോമ്പൻസേറ്ററി അലവൻസുകളിൽ യുക്തിപൂർവ്വമായ വർദ്ധനവും വേണമെന്ന് ആവശ്യപ്പെടുന്നത്. മറ്റ് ഓഫീസർ സംഘടനകൾ (എഴുപത് ശതമാനം ഇലക്ട്രിക്കൽ എഞ്ചിനീയർമാർ തങ്ങളുടെ സംഘടനാംഗങ്ങളാണെന്ന് അവകാശപ്പെടുന്നവരും) എഞ്ചിനീയർ എന്ന് ഉച്ചരിക്കാൻ പോലും തയ്യാറാവുന്നില്ല. ജനാധിപത്യത്തിൽ ഭൂരിപക്ഷത്തിനാണ് പ്രസക്തി എന്നതിനാൽ എഞ്ചിയർമാരുടെ അർഹത എന്നും തൃണവത്ക്കരിക്കപ്പെടുന്നു. ഇതിനെന്തുണ്ട് പരിഹാരം? ഔദ്യോഗിക കർമ്മ മണ്ഡലത്തിൽ സമാനമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നവർ ഒരു കുടക്കീഴിൽ അണിനിരക്കണം. രാഷ്ട്രീയത്തിനും മറ്റ് പരിഗണനകൾക്കും ഇടം കൊടുത്ത് അവിയൽ സംഘടനകളിൽ അംഗങ്ങളായുള്ളവർ അവയിൽ നിന്നും പുറത്തുകടന്ന് ഒറ്റ സംഘടനയായി നിലകൊണ്ടാൽ മാത്രമേ ഏർപ്പെടുന്ന പ്രവൃത്തികൾക്ക് അനുസൃതമായി ഏറ്റെടുക്കേണ്ടി വരുന്ന ഉത്തരവാദിത്വങ്ങൾക്ക് ആനുപാതികവുമായിട്ടുള്ള പുതിയ ശമ്പളക്കരാർ എഞ്ചിനീയർമാർക്ക് നേടിയെടുക്കാൻ സാധിക്കുകയുള്ളൂ. സിവിൽ വിഭാഗം എഞ്ചിനീയർമാർ എന്തായാലും തങ്ങൾ അവഗണിക്കപ്പെടുകയാണെന്ന തിരിച്ചറിവിൽ നീറിനീറി അവിയൽ സംഘടനകളിൽ തുടരേണ്ടതില്ല എന്ന് തീരുമാനിച്ചു കഴിഞ്ഞു. അതിന്റെ ഫലമായ സിവിൽ എഞ്ചിനീയേർസ് ഫോറം എന്ന സംഘടനയ്ക്ക് അവർ രൂപം നൽകിക്കഴിഞ്ഞു. ശമ്പള പരിഷ്ക്കരണ ചർച്ചകളിൽ സിവിൽ എഞ്ചിനീയർമാർക്ക് പ്രത്യേക സ്കെയിൽ ആവശ്യപ്പെടാൻ സാധിക്കും. ഇലക്ട്രിക്കൽ എഞ്ചിനീയർമാർ എന്നാണോ നിസ്സംഗത വെടിഞ്ഞ് ഔദ്യോഗിക കർത്തവ്യങ്ങളെ അടിസ്ഥാനപ്പെടുത്തി രൂപം കൊണ്ടിട്ടുള്ളതും എപ്പോഴും സ്ഥാപനത്തിന്റെ താൽപ്പര്യങ്ങൾ വിസ്മരിക്കാതെ ഇലക്ട്രിക്കൽ എഞ്ചിനീയർമാരുടെ കർമ്മമണ്ഡലത്തിലെ താൽപ്പര്യങ്ങളും സംരക്ഷിച്ചുപോന്ന സംഘടനയിൽ അണിചേരുക? ഇങ്ങനെ അണിചേരുകയോ അല്ലെങ്കിൽ ഇലക്ട്രിക്കൽ എഞ്ചിനീയർമാർ മാത്രമുള്ള ഒരു പുതിയ സംഘടന രൂപീകരിക്കുകയോ ചെയ്തില്ലെങ്കിൽ മിനിസ്റ്റീരിയലുകാരുടെ നിഴലിൽ ഓഫീസർ എന്ന നാമഭാരവും പേറി ഇനിയും തുടരേണ്ടി വരും. കർമ്മപഥത്തിലെ വെല്ലുവിളികൾ നേരിടുമ്പോഴും അത്തരം ഒരുവിധം പ്രശ്നങ്ങളും അലട്ടാനില്ലാത്ത മിനിസ്റ്റീരിയലുകാർക്കും, തങ്ങൾക്കും ഒരേ ശമ്പളസ്ക്കെയിൽ എന്നത് എഞ്ചിനീയർമാരെ എന്നും അലട്ടുന്ന വിഷയമാണ്.

കെ.എസ്.ഇ.ബി.യുടെ അമരത്തിരുന്നപ്പോൾ ശമ്പളസ്ക്കെയിലിലെ മാത്രം മിനിസ്റ്റീരിയൽ-എഞ്ചിനീയർ സമത്വവത്ക്കരണം മൂലം Employee Cost കൂടി എന്ന് വിളിച്ചുപറയാൻ മടികാണിച്ചവർ റഗുലേറ്ററി കമ്മീഷനിൽ എത്തിയപ്പോൾ സത്യം തുറന്നടിച്ചു കഴിഞ്ഞു. ബോർഡ് മാനേജ്മെന്റ് ഇനിയുള്ള ശമ്പളക്കരാറിലെങ്കിലും ഈ സത്യം ഉൾക്കൊണ്ട് നടപടികൾ സ്വീകരിക്കും എന്നു പ്രതീക്ഷിക്കാം.

# ഐ.എസ്.ഒ.യും സ്റ്റാറ്റസ്കോയും

*ഗുരുജി*

അടുത്തകാലത്ത് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഐ.എസ്.ഒ. (ISO) സ്റ്റാൻഡേർഡ് എന്നതിന് വളരെ പ്രാധാന്യം കൽപിക്കപ്പെടുന്നു. നമ്മുടെ ചില ജനറേറ്റിംഗ് സ്റ്റേഷനുകൾ ISO അംഗീകാരം നേടിയെന്നും ചിലത് ഈ പദവി നേടുന്നതിന്റെ പടിവാതിൽക്കലാണെന്നും കേൾക്കുന്നു. എന്താണ് ISO പദവി/ അംഗീകാരം നേടുന്നതിന് നാം പാലിക്കേ വ്യവസ്ഥകൾ ?

ഐ.എസ്.ഒ.യെ ക്കുറിച്ചുള്ള ഒരു അവബോധന ക്ലാസ്സിൽ കേട്ട കാര്യങ്ങൾ ഇവയൊക്കെയാണ്. ഇത് ഒരു സ്ഥാപനത്തിനോ സ്ഥാപനത്തിന്റെ ഏതെങ്കിലും വിഭാഗത്തിനോ മാത്രം നേടിയെടുക്കാൻ സാധിക്കുകയുള്ളൂ എന്നില്ല. എന്ത്കർമ്മം നിർവ്വഹിക്കുവാനുള്ള ലക്ഷ്യത്തിൽ രൂപീകരിക്കപ്പെട്ട സംഘടനക്കും സ്ഥാപനത്തിനും ഈ ലക്ഷ്യസാക്ഷാത്കാരത്തിനായി പ്രവർത്തികൾ ഉത്തമമായി ചെയ്യുവാൻസാധിക്കും. എന്നാൽ ഉത്തമമായ രീതികൾ എല്ലായ്പ്പോഴും അനുവർത്തിക്കാൻ സാധിച്ചെന്നുവരില്ല. അപ്പോൾ ലക്ഷ്യത്തിലെത്താൻ ചില നീക്കുപോക്കുകൾ വേണ്ടിവരും. ഇവ കൂടി കണക്കിലെടുത്താണ് ലക്ഷ്യത്തിലെത്താൻ അവലംബിക്കേണ്ട രീതികൾ നിർണ്ണയിക്കപ്പെടേണ്ടത്.

ആദ്യത്തെ പടി എന്ന നിലയ്ക്ക് ലക്ഷ്യം, അതിലെത്തിച്ചേരുമെന്ന് വിശ്വസിക്കപ്പെടുന്ന കാലയളവ്, ഇതിനുവേണ്ടി സ്വീകരിക്കുന്ന നടപടികൾ എന്നിവ പ്രഖ്യാപിക്കണം. പ്രഖ്യാപിച്ചിട്ടുള്ള രീതികളിൽ നേരത്തെ തീരുമാനിച്ചും പ്രഖ്യാപിച്ചിട്ടുമുള്ള രീതികളിൽ തന്നെ മുന്നോട്ടുപോകണം. നിശ്ചിത കാലയളവിനുള്ളിൽ ലക്ഷ്യം നേടുകയും വേണം ഇതിന് പ്രായോഗികമായി സാധ്യമാകുമെന്നുറപ്പുള്ള ലക്ഷ്യങ്ങളേ പ്രഖ്യാപിക്കാവൂ. ഒരിക്കൽ ലക്ഷ്യം നേടികഴിഞ്ഞാൽ പിന്നീട് കാലയളവ് കുറച്ച്, പ്രവർത്തികൾ വ്യത്യാസപ്പെടുത്തി അതേ ലക്ഷ്യം നേടുകയോ അല്ലെങ്കിൽ അതിലും വലിയലക്ഷ്യം നേടാൻ ശ്രമിക്കുകയോ ചെയ്യാം. മാറ്റൊന്നു പ്രഖ്യാപിക്കുന്ന ലക്ഷ്യം, കാലയളവ്, അവലംബിക്കാൻ ഉദ്ദേശിക്കുന്ന രീതികൾ എല്ലാം ലിഖിത രൂപത്തിലായിരിക്കണം.

വിതരണ ഫീൽഡ് ഓഫീസുകളിൽ നിശ്ചിത കാലയളവിനുള്ളിൽ നിശ്ചിത പ്രവർത്തികൾ പൂർത്തികരിക്കും എന്ന സ്ഥിതി ഇലക്ട്രിസിറ്റി ബോർഡിൽ ഇപ്പോൾ തന്നെ നിലവിലുണ്ട്. വിതരണ ഓഫീസുകളിൽ പൊതുജനങ്ങൾക്കു നല്കുന്ന പല സേവനങ്ങളും സമയബന്ധിതമായിട്ടുണ്ട്. പക്ഷേ എല്ലായിടത്തും. ഐ.എസ്.ഒ. പദവിക്കായി എന്തുകൊണ്ടോ നാം ശ്രമിക്കുന്നില്ല. പ്രഖ്യാപിത ലക്ഷ്യങ്ങൾ, സമയബന്ധിതമായി ലിഖിതമായ രീതികൾ അവലംബിച്ച് തന്നെയാണ് നാം നേടിയിട്ടുള്ളത് എന്ന് നാം പരസ്യപ്പെടുത്തുന്നില്ല. ഒരു പക്ഷേ ഫീൽഡ് ഓഫീസുകളിൽ വന്നുചേരുന്ന അടിയന്തിര സ്വഭാവമുള്ള പ്രവർത്തികൾമൂലമാകാം.

മാനവ വിഭവശേഷി മന്ത്രാലയത്തിൽ ഐ.എസ്.ഒ.ക്ക് ശ്രമിക്കാവുന്നതാണ് ഇതിനായി എന്തെല്ലാം ചെയ്യണം? ഓരോ കലണ്ടർ വർഷവും ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും അവരവരുടെ മേഖലയിലെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൽ ട്രെയിനിംഗും അതോടൊപ്പം ട്രെയിനിംഗ് നല്കിയതിന്റെ പ്രയോജനം സ്ഥാപനത്തിനുംകൂടി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. ജനറൽ ട്രാൻസ്ഫർ നോമുകൾ പ്രഖ്യാപിക്കുകയും അതു പാലിക്കുവാനും അധികൃതർ ശ്രദ്ധിക്കണം. ഇപ്പോൾ നോമുകൾ രൂപീകരിക്കപ്പെട്ടാലും പലവിധ സമർദ്ദങ്ങൾക്ക് വഴങ്ങി ഇവ കാറ്റിൽപ്പറത്താൻ അധികൃതർ നിർബന്ധിതരാകുന്നു. രാഷ്ട്രീയ സംഘടനകളുടെ അതിപ്രസരം അത്ര രൂക്ഷമാണ്. അതുകാരണം മാനവ വിഭവശേഷി കാര്യാലയത്തിൽ ഐ.എസ്.ഒ.യെക്കാളും പ്രിയം സ്റ്റാറ്റസ്കോ (Status-Co)യ്ക്കാണ് - അതായത് നിലവിലുള്ള രീതി അതേപടി തുടരുന്നതിന് വർഷങ്ങളായി തുടരുന്ന വൈകല്യങ്ങൾ അതേപടി തുടർന്നുകൊണ്ട് എത്ര പരിതപിച്ചാലും നീതി നടപ്പാക്കണമെന്ന് മുറവിളി കൂട്ടുന്ന ഒരു കൂട്ടർ പിന്നീട് നീതികേടിന് കൂട്ടുനിൽക്കുകയോ അല്ലെങ്കിൽ നീതികേട് പ്രവർത്തിച്ച് അതാണ് തൽസമയത്ത് നീതി എന്ന് വ്യാഖ്യാനിക്കുന്നവർ മനഃസ്ഥിതി മാറ്റാത്തിടത്തോളം ISO യെക്കാൾ Status-Co തന്നെ മുൻപന്തിയിൽ.

❋

BOARD ORDERS

# KERALA STATE ELECTRICITY BOARD LIMITED

**Abst ract**

Approval of the miscellaneous charges as approved by KSERC- Collection of security deposit for cost of meter – modification in software package -sanctioned- orders issued.

**Corporate Office (Commercial &Tariff)**

B.O.(FTD)No.1999/2015(KSEB/TRAC/R3/Miscellaneouscharges/2014-15) Tvpm. dated 11.08.2015

**Read :** 1. Order dated 1.7.2015 of KSERC in OP No. O.P.No. 4 of 2015
2. B.O. (FTD) No.1735/2015(KSEB/TRAC/SOP/2014-15/R3) dated 16.7-2015
3. Note No.KSEB/TRAC/R3/miscellaneous charges/2014-15/2007 dated 20.7.2015 of the Chief Engineer (Commercial & Tariff)

**O R D E R**

Hon'ble commission in its order read as 1st paper above, has approved various Miscellaneous Charges along with methodology for calculation of residual cost of meter, security deposit for meters and charges for protected load etc. As per the B.O. read as 2ndabove, sanction was accorded to implement various miscellaneous charges approved by he Hon'ble Commission.

Hon'ble Commission while approving the rates of Security Deposit for cost of meter had specified certain modalities for implementing the same. KSERC has directed that for proper accounting, the interest portion of the security deposit shall be deducted from monthly meter rent charges from the consumer in regular monthly energy bills. The amount proposed as security amount is the cost of meter itself. This was introduced to encourage the consumers to purchase the meter by themselves as far as possible, since in such cases the entire meter rent will be exempted in their monthly bills. If the consumer is unaware of the fact that the security deposit is equivalent to the price of meter and they have to pay meter rent in addition to security deposit, they may not opt for the purchase of meter. Further, to avoid difficulty to existing consumers, it was proposed that the security deposit is intended for new connections and at the time of replacement of meters of existing consumers only. The above provisions are to be included in the software package during implementation of miscellaneous charges. Chief Engineer (Commercial &Tariff) as per the note read as 3rd paper above, has placed the matter for consideration of the Board.

Having considered the note read above, Board hereby authorize the Chief Engineer (IT) to incorporate the following modifications regarding security deposit for cost of meters as required as per Hon'ble Commission's order dated 1.7.2015 in O.P.4/2015 in the respective software presently in use.

a. the interest portion of the security deposit shall be deducted from monthly/ bi-monthly rent charges of energy meter of the consumer in regular monthly/ bi-monthly energy bills.

**KERALA STATE ELECTRICITY BOARD LIMITED**
(Incorporated under the Indian Companies Act, 1956)**CIN:U40100KL2011SGC027424**
Registered Office: Vydyuthi Bhavanam, Pattom, Thiruvananthapuram – 695004
website: www.kseb.in

**Abstract**

Drawal of Optical Fibre Cable through additional 9855 Nos of distribution poles of Kerala State Electricity Board Ltd by M/s. Reliance Jio Infocomm Ltd – Sanctioned – Orders issued

**CORPORATE OFFICE (SBU-D)**

**B.O.(FTD) No.2079/2015 (D(D&S)/D5/Gl/1942/2014) Dated, Thiruvananthapuram, 22.08.2015**

**ORDER**

Government as per G.O read as 5th above ordered that Kerala State Electricity Board Limited shall accord permission to M/s Reliance Jio Infocomm Ltd drawing Aerial Optical Fibre Cable through the distribution poles of KSEB Ltd only for the limited purpose of providing 4G services, by collecting rent at the rate decided through negotiation, for a period limited to maximum of 5 years as a purely temporary measure and not to be extended further under any circumstances, on a non-exclusive basis, subject to proposed terms and conditions.

The pole rental charges for M/s Reliance Jio Infocomm fixed in the negotiation meeting was ₹1800.10/pole (for five years) in urban/semi urban areas & ₹900.05/pole(for five years) in rural areas, by taking the pole rental rate for 2014-15 as per the B.Odated 25.02.2012. Accordingly as requested by M/s Reliance Jio Infocomm Ltd for thedrawal of OFC through 12533 Nos of distribution poles of KSEB Ltd, an amount of ₹ 2,53,49,150/- was collected from M/s Reliance Jio Infocomm Ltd by the Chief Engineer (Distribution-South).

As per B.O read as 11th paper above, sanction was accorded to M/s Reliance Jio Infocomm to draw OFC through 12533 Nos of distribution poles of KSEB Ltd. M/s Reliance Jio Infocomm as per letter read as 12th paper above requested for an additional requirement of 9375 Nos of distribution poles of KSEB Ltd. for drawal of OFC. Later they furnished a revised list of 9855 Nos of poles as their additional requirement. In the list of poles submitted by M/s Reliance Jio Infocomm, urban/semi urban/rural areas categorization is not given. The physical verification of the same by the field officers of KSEB Ltd. is also to be carried out. The pole rentals for the year 2015-16 as per the B.O dated 25.02.2012 comes to '378.02/pole for urban/semi urban and '189.01/pole for rural areas considering 5% annual increase. The guidelines pertaining to drawal of Cable TV communication

---

b. in the demand note issued while processing application for new connections and at the time of replacing of existing meters, the following provision may be added " in case the consumer opt to purchase the meter( tentative cost of meter is Rs …..) ,then the consumer need not remit the security deposit. Further, in such cases the consumer will be exempted from payment of monthly meter rent charges as applicable from time to time"

c. the provision for collection of security deposit shall be included for applications for new connections from 1.9.2015 and at the time of replacement of existing meters only, for which adequate or no security deposit has been initially collected.

By order of the Board
Sd/-
R. Rajasekharan Nair
Secretary (Administration)

network along LT electric poles was issued vide B.O read as 1st paper above. Orders regarding the implementation of dispute settlement mechanism for the usage of electric poles by Cable TV operators were issued in B.O. dated 31.12.2014. As per this B.O, Board allowed multiple Cable TV operators for using the same pole. As per the earlier policy on drawal of CTV cables, more than one cable shall not be allowed to be drawn along the same pole citing the safety and technical grounds and that the drawal of CTV cables shall be in accordance with the guidelines pertaining to drawal of Cable TV communication network. Hence New conditions and guidelines as applicable to both cable TV operators and applicants for drawal of OFC for standardizing the usage of poles for the drawal of cables are to be framed considering the O & M activity and safety aspects associated with the distribution lines. Having examined the matter in detail,

1. It was decided to allow M/s Reliance Jio Infocomm for drawing Optical Fibre Cable through additional 9855 Nos of distribution poles of Kerala State Electricity Board Ltd for the limited purpose of 4G services as per the listappended.
2. (a) It was decided to collect advance pole rentals for 5 years at the prevailing rate of ₹378.02/ pole/year amounting to ₹1890.10/pole applicable to urban/ semi urban areas, considering that the entire poles are proposed in urban areas. Service taxes and any other levies payable to Government are also to be collected in addition to the pole rental charges. The Chief Engineer (Distribution-South) shall issue demand notice and to collect the pole rental charges from M/s Reliance Jio Infocomm in respect of 9855 Nos of poles for a period of 5 years.

   (b) The Chief Engineer (Distribution-South) is directed to instruct the Deputy Chief Engineers of the concerned Circles

i. to permit M/s Reliance Jio Infocomm to draw OFC through 9855 Nos of distribution poles as per the list appended after obtaining an undertaking to comply with the conditions stipulated in the B.O dated 20.07.2015 .

ii. to verify whether the poles proposed are in Urban/Semi Urban/Rural areas

iii. to ensure that additional drawal if any detected under any section or Circle/unauthorized drawal under any Section or Circle through the pole not mentioned in the list appended shall be summarily dismantled and reported.

iv. to ensure that written permission is obtained by M/s Reliance Jio Infocomm Ltd from the Assistant Executive Engineer/Assistant Engineer of the concerned Electrical Sub Division/Section before the commencement of drawing of OFC through the poles at the time of execution of such works and subsequent maintenance. Permission to the work issued by the Assistant Executive Engineer/ Assistant Engineer concerned should be available at the work site and should be produced on demand by the competent Board staff/officers. No such works shall be allowed on the electric poles from 6 pm to 8 am except on emergency situations.

3. The Chief Engineer (IT&CR) is authorised to prepare the general guidelines for the drawal of TV cables through the distribution poles of KSEB Ltd.

Orders are issued accordingly.<br>
By Order of the Full Time Directors<br>
Sd/-<br>
R. Rajasekharan Nair<br>
Secretary (Administration)




# ENGINEERS' DAY CELEBRATIONS 2015

KSEB ENGINEERS' ASSOCIATION Price ₹ 10

HYDEL BULLET Monthly
RNI Reg. No. KERENG/2014/58429
Reg. No. KL/TV(N)/643/13-15

Licensed to Post without pre payment.
No. KL/TV(N)/WPP/252/2013/15 at Tvpm. RMS
Date of Publication 24-9-2015



N Prasanth IAS, Dist.Collector Kozhikode being given a warm welcome for engineers day celebrations



Switchon Ceremony of electrification of BPL home by Er. C V Nandan, Director (KSEBL) held at Pirayiri as part of engineer's day celebration

Edited, Printed & Published by [illegible], Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, [illegible], Thiruvananthapuram [illegible], Ph: [illegible], email: [illegible] web: [illegible]
Printed at [illegible], Thiruvananthapuram -4, Ph: [illegible], email: [illegible]

For private circulation only